LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നായരമ്പലം സബ് ട്രഷറിയുടെ നിർമ്മാണം പൂർത്തിയാക്കി ട്രഷറി വകുപ്പിന് കൈമാറിയിട്ടുണ്ടെങ്കിലും ടി കെട്ടിടത്തിന് പഞ്ചായത്തിന്റെ അനുമതി ലഭ്യമായിട്ടില്ല

(ബി) 21-1-2011-ലെ സ.ഉ.(ആർ.ടി) 613/2011/ധന. പ്രകാരം 58.19 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) നായരമ്പലം സബ് ട്രഷറിയുടെ പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള അനുമതിക്കായി ട്രഷറി ഡയറക്ടർ 24-6-2015-ൽ ലഭ്യമാക്കിയ അപേക്ഷ സർക്കാർ പരിശോധിച്ചുവരികയാണ്.

സ്വന്തമായി കെട്ടിടം ഇല്ലാത്ത ട്രഷറികൾ

129(2118) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ട്രഷറികൾക്കാണ് സ്വന്തമായി കെട്ടിടം ഇല്ലാത്തതെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത ട്രഷറികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 78 ട്രഷറികൾക്കാണ് സ്വന്തമായി കെട്ടിടമില്ലാത്തത്. ഇതുകൂടാതെ ട്രഷറി ഡയറക്ടറേറ്റിനും സ്വന്തമായി കെട്ടിടമില്ല.

1. ട്രഷറി ഡയറക്ടറേറ്റ്
2. ജില്ലാ ട്രഷറികൾ (5) - കൊട്ടാരക്കര, ഇടുക്കി, ഇരിങ്ങാലക്കുട, ചെർപ്പുളശ്ശേരി, മട്ടന്നൂർ
3. സബ് ട്രഷറികൾ (73)

ഒരോ ജില്ലാടഷറിയുടെയും കീഴിലുള്ള സ്വന്തമായി കെട്ടിടമില്ലാത്ത സബ്ടഷറികൾ :

ക്രമ നമ്പർ	ജില്ലാ ടഷറി	സബ് ടഷറികൾ
(1)	(2)	(3)
1	തിരുവനന്തപുരം	കിളിമാനൂർ, കടയ്ക്കാവൂർ, കഴക്കൂട്ടം, മെഡിക്കൽ കോളേജ്
2	കാട്ടാക്കട	നെടുമങ്ങാട്, മലയിൻകീഴ്, വിളുര
3	കൊല്ലം	പരവൂർ, ചവറ
4	കൊട്ടാരക്കര	പത്തനാപുരം, അഞ്ചൽ, ചടയമംഗലം, പുനുപ്പള്ളി
5	പത്തനംതിട്ട	അടൂർ, കോഴഞ്ചേരി, റാന്നി- പെരുന്നാട്
6	ആലപ്പുഴ	കുത്തിയതോട്, പൂച്ചാക്കൽ
7	ചെങ്ങന്നൂർ	എടത്വ, മാന്നാർ, മുളകുളം, നൂറനാട്
8	കോട്ടയം	പൊൻകുന്നം, ചങ്ങനാശ്ശേരി, പള്ളിക്കാത്തോട്, മുണ്ടക്കയം, ഗാന്ധിനഗർ, എരുമേലി, കുറുകച്ചാൽ
9	പാലാ	ഈരാറ്റുപേട്ട, കടുത്തുരുത്തി, കുറവിലങ്ങാട്
10	ഇടുക്കി	മുരിക്കാശ്ശേരി, കരിമണ്ണൂർ
11	എറണാകുളം	പള്ളുരുത്തി
12	മുവാറ്റുപുഴ	കോലഞ്ചേരി, കല്ലൂർക്കാട്
13	തൃശ്ശൂർ	മണലൂർ
14	പാലക്കാട്	വടക്കാഞ്ചേരി
15	മലപ്പുറം	വളാഞ്ചേരി, അരീക്കോട്, മക്കരപ്പറമ്പ്, ചങ്ങരംകുളം, കുറുവാരക്കുണ്ട്, വണ്ടൂർ, പുലാമന്തോൾ, കോട്ടയ്ക്കൽ, എടവണ്ണ, എടക്കര, നിലമ്പൂർ
16	കോഴിക്കോട്	ഫറോക്ക്, പയ്യോളി

LIBRARY ARCHIVES Kerala Legislative Assembly